"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - ദുരന്തനിവാരണ വകുപ്പ് - മുണ്ടക്കൈ, ചൂരൽമല പുനരധിവാസ പദ്ധതി – വയനാട് ടൗൺഷിപ്പ് പദ്ധതി നിർവ്വഹണ യൂണിറ്റിന് ഫാറങ്ങളും രജിസ്റ്ററുകളും സൗജന്യമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.30/2026/PPAD തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:- 1. 21.02.1990 ലെ ജി.ഒ.(എം.എസ്.)നം.41/90/H.Edn നമ്പർ ഉത്തരവ്

2. അച്ചടി വകുപ്പ് ഡയറക്ടറുടെ 21.10.2025 തീയതിയിലെ PTGD/2824/2025/എഫ്.1 നമ്പർ കത്ത്

**ഉത്തരവ്**

മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസം ഊർജ്ജിതമാക്കുന്നതിനായി ദുരന്തനിവാരണ വകുപ്പിന് കീഴിൽ ആരംഭിച്ച വയനാട് ടൗൺഷിപ്പ് പദ്ധതി നിർവ്വഹണ യൂണിറ്റിന് സൗജന്യമായി ഫാറങ്ങളും രജിസ്റ്ററുകളും അനുവദിക്കുന്നത് സംബന്ധിച്ച് സൂചന (2) പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന (1) പ്രകാരമുള്ള ഉത്തരവിൽ ഇളവ് വരുത്തിക്കൊണ്ട് മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസം ഊർജ്ജിതമാക്കുന്നതിനായി ദുരന്തനിവാരണ വകുപ്പിന് കീഴിൽ ആരംഭിച്ച വയനാട് ടൗൺഷിപ്പ് പദ്ധതി നിർവ്വഹണ യൂണിറ്റിന് സൗജന്യമായി ഫാറങ്ങളും രജിസ്റ്ററുകളും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് ( E:3357020/EDN-B3/252/2025-FIN Dated:14/01/2026 )
5. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി. ആർ. ഡി

6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 05-03-2026 16:52:10
സെക്ഷൻ ഓഫീസർ